പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3232

19.06.2018 ൽ മറുപടിയ്ക്ക്

**ഇൻഫർമേഷൻ കേരള മിഷനിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഒ. രാജഗോപാൽ | ഡോ. കെ. ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) 31.08.2018 ലെ 176/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപാകത കൾ ഇതിനകം പരിഹരിച്ചു നല്കിയി ട്ടുണ്ടോയെന്ന് അറിയിക്കുമോ; | എ) ഉണ്ട്; സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന ആവശ്യ മുന്നയിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച ശുപാർശ പരിശോധന യിലാണ്. |
| ബി) ഈ ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളം പൊതുമരാ മത്ത് വകുപ്പിലെ ക്ലീനിംഗ് ജീവന ക്കാരുടെ ശമ്പളത്തിന് തുല്യമാ യാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തിരമായി തിരുത്തി നല്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് പേ സ്കെയിൽ നിശ്ചയിക്കുമോ; | സി) ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ ഏതു സർവ്വീസ് ചട്ടമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | ഡി) സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതു വരെ കേരളാ സർവീസ് റൂൾസ് ബാധകമാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ